ബുദ്ധിമുട്ടുകൊണ്ട് പത്തു കോടി രൂപ നീക്കി വച്ചെങ്കിലും രണ്ടുകോടിരൂപയാണ് ഇതേ വരെ release ചെയ്തത്. ഇപ്പോൾ മൂന്നു കോടി രൂപ കാംപ്കോ ആവശ്യപ്പെട്ടിരിക്കയാണ്. അത് കൊടുക്കുന്നതിന് നടപടികൾ എടുക്കുന്നതാണ്. അല്ലാതെ പറയുന്നതുകേട്ടാൽ കൈക്കൂലി വളർത്താനോ വാങ്ങാനോ ആണ് എന്നു തോന്നും. അത് ശരിയല്ല. ഇന്നത്തെ നിലയിൽ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ സംസാരിക്കാവുന്നതാണ്. കാംപ്കോയ്ക്ക് പ്രൊക്യൂവർമെന്റ് കൊടുത്തകാലത്ത് ഏറ്റെടുക്കാൻ മറ്റൊരു ഏജൻസിയും മുന്നോട്ടുവന്നിട്ടില്ല. കൂടുതൽ ഏജൻസി വേണോ എന്ന് ഇപ്പോൾ തീരുമാനിക്കാൻ സാധ്യമല്ല. ഗവൺമെന്റ് ചർച്ച ചെയ്ത് പ്രോജക്ട് ഉണ്ടാക്കുകയും അടയ്ക്ക കൃഷിക്കാരെയും കുരുമുളക് കൃഷിക്കാരേയും രക്ഷിക്കാൻ ഇത്രയും കാലം നാണ്യ വിളകൾക്ക് വേണ്ടിയും രോഗപ്രതിരോധത്തിന് വേണ്ടിയുമുള്ള നടപടികൾ സർക്കാർ എടുക്കുമ്പോഴാണ് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഉദ്യോഗസ്ഥർ കൊടുക്കുന്നില്ല എന്നു പറയുന്നത്. മെമ്പർക്ക് നേരത്തെ പറയാമായിരുന്നു. ആ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കാമായിരുന്നു. ചാലിശ്ശേരിയിൽ സമരം നടന്നതായി റിപ്പോർട്ട് എനിക്ക് കിട്ടിയിട്ടില്ല. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്വേഷിക്കാം.

(6) പാലക്കാട് ചിറ്റൂർ മേനോൻപാറ കോ-ഓപ്പറേറ്റീവ് ഷുഗർ ഫാക്ടറിയിലെ തൊഴിലാളികൾക്ക് വി.ആർ.എസ്. നടപ്പിലാക്കുന്നതിനും കരിമ്പ് നൽകിയ കർഷകർക്ക് വില ലഭ്യമാക്കുന്നതിനും നടപടി

ശ്രീ. കെ. അച്ചുതൻ : സർ, ചിറ്റൂർ ഷുഗർ ഫാക്ടറിക്ക് കരിമ്പു നൽകിയ കർഷകർ ഇന്ന് പിച്ചപ്പാള എടുക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കഴിഞ്ഞ അഞ്ചു വർഷമായി ഷുഗർ ഫാക്ടറിക്ക് കൊടുത്ത കരിമ്പിന്റെ വിലയായി 3512.68 ലക്ഷം രൂപ കർഷകർക്ക് കൊടുക്കാനുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 131 ലക്ഷം രൂപ കരിമ്പു കർഷകർക്ക് കൊടുക്കാനുണ്ട്. അതിന് ശേഷം വന്ന രണ്ടു കൊല്ലവും തുടർച്ചയായി 99 ലക്ഷം രൂപ കരിമ്പ് കർഷകന് കൊടുക്കാനുണ്ട്. കരിമ്പ് കൃഷിക്കാരാണെങ്കിൽ ജപ്തി നടപടി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണ്. അവരുടെ വൺടൈം സെറ്റിൽമെന്റിന്റെ ആനുകൂല്യം ഈ മാർച്ച് 31-ന് കഴിയുകയാണ്. അതിനു മുമ്പായി അവർക്ക് ഈ പണം നൽകാൻ കഴിഞ്ഞില്ലെങ്കിൽ വളരെ ഗുരുതരമായ സ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. ഇക്കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് അവർക്ക് നൽകാനുള്ള പണം

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ നൽകാനുള്ള സാഹചര്യം ഉണ്ടാക്കണം. ഇവിടെ സബ്സിഡി ചോദിക്കുന്നില്ല. എല്ലാ ആളുകളും പ്രസംഗിക്കുമ്പോൾ സബ്സിഡി വേണമെന്നാണ് പറയുന്നത്. കരിമ്പ് കൃഷിക്കാർക്ക് കൊടുക്കാനുള്ള കാശാണ് ചോദിക്കുന്നത്. തുടർച്ചയായി മൂന്നു വർഷം വരൾച്ച കൊണ്ട്, ഇന്നും കൂടിവെള്ളം ലോറികളിൽ കൊടുക്കുന്ന പ്രദേശത്ത് അത്യാവശ്യം കരിമ്പുള്ളതിന്റെ കാശാണ് കൊടുക്കാൻ ബാക്കിയുള്ളത്. അത് എന്തു തന്നെ ആയാലും ശരി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ മാർച്ച് 31-ന് മുമ്പുതന്നെ ഈ തുക ഏത് ഫണ്ടിൽ നിന്നായാലും എടുത്ത് അവർക്ക് നൽകി വൺടൈം സെറ്റിൽമെന്റിന്റെ ആനുകൂല്യം ലഭിക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡിനെ സംബന്ധിച്ച് Enterprises Reforms Committee നടത്തിയ പഠന റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും പിരിഞ്ഞു പോകാൻ തയ്യാറുള്ളവർക്ക് വി.ആർ.എസ്. നൽകുവാനും സ്ഥാപനത്തെ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്ന കാര്യത്തിൽ തീരുമാനം എടുക്കാൻ ധനകാര്യവും എക്സൈസും വകുപ്പു മന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതു പ്രകാരം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡിനെ സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനായി കോഴിക്കോടുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ നികുതി വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ തീരുമാനപ്രകാരം വി.ആർ.എസ്. നടപ്പിലാക്കുന്നതിനായി ധനസഹായം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അത് ചെയ്യുന്നതാണ്. കരിമ്പ് കൃഷിക്കാർക്ക് ഏകദേശം 3151 കോടി രൂപ നൽകാനുണ്ട്. ഈ തുക എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. 31-ാം തീയതിക്കുള്ളിൽ കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(7) പരവൂർ-മയ്യനാട്-കുണ്ടുമൺ പാലങ്ങളുടെ നിർമ്മാണം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ മണ്ഡലത്തിലെ മുനിസിപ്പൽ പട്ടണമായ പരവൂരിനെയും ഇരവിപുരം മണ്ഡലത്തിലെ മയ്യനാടിനെയും ബന്ധിപ്പിച്ച് കൊല്ലത്തെ റെയിൽവേ പാലത്തിന് സമാന്തരമായി ഒരു കായൽ പാലം നിർമ്മിക്കുന്നതിനുവേണ്ടി അന്നത്തെ പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കെ. ബാവയും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയും കൂടി വന്ന്

LIBRARY ARCHIVES Kerala Legislative Assembly